"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- പാലക്കാട് ജില്ലയിലെ പട്ടാമ്പി ഉപജില്ലയിലെ കുളമുക്ക് എ എം എൽ പി സ്കൂളിലെ മാനേജർ ശ്രീ. ശ്രീനിവാസൻ കെ- 2019-20 ലെ തസ്തിക നിർണ്ണയത്തിനെതിരെ സമർപ്പിച്ച റിവിഷൻ ഹർജി- തീർപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4123/2022/GEDN തീയതി,തിരുവനന്തപുരം, 14-07-2022

---

പരാമർശം:-

1. പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17/07/2019 ലെ എഫ്/50868/2019 നമ്പർ നടപടി ഉത്തരവ്
2. പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 28/12/2019 ലെ എഫ് /120268/2019 നമ്പർ നടപടി ഉത്തരവ്
3. പൊതു വിദ്യാഭ്യാസ (അക്കാദമിക) ജോയിന്റ് ഡയറക്ടറുടെ 05/10/2020 ലെ ആർ എ (1)/75090/2020/ഡി ജി എസ് നടപടി ഉത്തരവ്.
4. പട്ടാമ്പി ഉപജില്ലയിലെ കുളമുക്ക് എ എം എൽ പി സ്കൂളിലെ മാനേജർ ശ്രീ.ശ്രീനിവാസൻ കെ സമർപ്പിച്ച റിവിഷൻ ഹർജി
5. 23/11/21, 19/05/2022 എന്നീ തീയതികളിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ DGE/12803/2021-RA1 നമ്പർ റിപ്പോർട്ട്
6. 25/02/2022 ലെ പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ എഫ്/483/2022 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ പട്ടാമ്പി ഉപജില്ലയിലെ കുളമുക്ക് എ എം എൽ പി സ്കൂളിലെ മാനേജരായ ശ്രീ. ശ്രീനിവാസൻ. കെ., പരാമർശം 1 പ്രകാരം ടി സ്കൂളിൽ അധിക തസ്തിക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു. റിവിഷൻ ഹർജിയിലെ വാദഗതികൾ ചുവടെ ചേർത്തിരിക്കുന്നു.

(a). *I മുതൽ V വരെ ക്ലാസ്സുകളുള്ള കുളമുക്ക് എ.എം.എൽ.പി. സ്കൂളിൽ 2019-20 വർഷത്തിൽ അഞ്ചാം ക്ലാസ്സിലെ അറബിക് വിദ്യാർത്ഥികളുടെ എണ്ണവും കൂടി കണക്കിലെടുത്ത് രണ്ട് എൽ.ജി അറബിക് തസ്തികകൾ (സ്ഥിരം-1 താല്ക്കാലികം-1) പട്ടാമ്പി ഉപജില്ല വിദ്യാഭ്യാസ ഓഫീസർ അനുവദിച്ചുത്തരവായിരുന്നു. താത്കാലികമായി അനുവദിക്കപ്പെട്ട തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ഒരു സംരക്ഷിതാദ്ധ്യാപകൻ V-ാം ക്ലാസ്സിലെ വിദ്യാർത്ഥികളെയും അറബിക് പഠിപ്പിക്കുന്നുണ്ട്.*

*(b). ഒറ്റപ്പാലം ജില്ല വിദ്യാഭ്യാസ ഓഫീസർ തസ്തിക നിർണയ ഉത്തരവുകളുടെ 100% പരിശോധനയിൽ അഞ്ചാം ക്ലാസിലെ അറബിക് വിദ്യാർത്ഥികളുടെ എണ്ണവും കൂടി കണക്കിലെടുത്ത് ഒരു താത്ക്കാലിക അറബിക് തസ്തിക അനുവദിച്ചത് ക്രമവിരുദ്ധമാണെന്ന്*

കണ്ടെത്തുകയും ക്രമവിരുദ്ധമായി അനുവദിച്ച താത്കാലിക തസ്തിക കുറവ് ചെയ്ത് പട്ടാമ്പി ഉപജില്ല വിദ്യാഭ്യാസ ഓഫീസർ ഉത്തരവാകുകയുമുണ്ടായി.

(c). ടി ഉത്തരവിനെതിരെ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിക്കാത്തതിനാൽ നിരസിക്കപ്പെട്ടു. ടി ഉത്തരവിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ സമർപ്പിച്ചിരുന്നു.

(d). സമ്പൂർണയിൽ അപ് ലോഡ് ചെയ്ത കണക്ക് പ്രകാരം I മുതൽ V വരെ 24 പീരിയഡ് മാത്രമാണുള്ളത്. അതുപ്രകാരം ഒരു എൽ.ജി അറബിക് സ്ഥിരം തസ്തികയേ അനുവദിക്കാൻ കഴിയൂ. എന്നാൽ 5-ാം ക്ലാസിലെ 8 പീരിയഡ് ഉൾപ്പെടുത്തിയാൽ 32 പീരിയഡ് ഉള്ളതിനാൽ 2 എൽ.ജി അറബിക് തസ്തികകൾ അനുവദിക്കാൻ കഴിയും. I to V വരെയുള്ള ക്ലാസുകളിലെ 32 പീരിയഡുകൾ കണക്കിലെടുത്ത് സ്ഥിരമായ ഒരു എൽ.ജി അറബിക് തസ്തികയും താത്കാലികമായ ഒരു എൽ.ജി അറബിക് തസ്തികയും അനുവദിക്കപ്പെടുകയാണുണ്ടായത്. V-ാം ക്ലാസിലെ എണ്ണം കണക്കിലെടുക്കാൻ കഴിയില്ല. ആയതിനാൽ I മുതൽ V വരെയുള്ള ക്ലാസ്സുകളിലെ 24 പീരിയഡ് വെച്ച് 2 അറബിക് തസ്തികകൾ അനുവദിക്കാൻ കഴിയില്ല എന്ന കാരണത്താൽ നിരസിച്ചുത്തരവായി.

e) യഥാർഥത്തിൽ 1 മുതൽ 4 വരെയുള്ള വിദ്യാർത്ഥികളുടെ കണക്കനുസരിച്ച് 32 പീരീഡുകൾ ഉണ്ട്. സമ്പൂർണ്ണയിൽ അപ് ലോഡ് ചെയ്തപ്പോഴുണ്ടായ കൈപ്പിഴ കൊണ്ടാണ് 24 പീരിയഡായി കുറഞ്ഞ് പോയത്. ആയത് പിന്നീട് ക്രമപ്പെടുത്തി സമ്പൂർണ്ണയിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്. ആയതിനാൽ മേൽ കൈപ്പിഴ മാപ്പാക്കി സ്ഥിരമായ ഒരു എൽ.ജി അറബിക് തസ്തികയും താത്കാലികമായ ഒരു എൽ.ജി തസ്തികയും (ആകെ 02) അനുവദിക്കാവുന്നതാണ്. V-ാം ക്ലാസ്സിലെ വിദ്യാർത്ഥികളുടെ എണ്ണം കൂടി ഉൾപ്പെടുത്തി തസ്തിക നിർണ്ണയം നടത്തുന്നത് ക്രമ വിരുദ്ധമല്ലെന്ന് താഴെ പറയുന്ന വസ്തുതകളിൽ നിന്നും വ്യക്തമാകുന്നതാണ്.

f) There is no reason to ignore the pupils in Std V from Arabic Learning. if there is considerable number of pupil(at least 12) in Std V for Arabic learning, their number to be reckoned for Arabic Teacher post in L.P School with Std V.

V-ാം ക്ലാസ്സ് ഉൾപ്പെടുത്തിയിട്ടുള്ള എൽ പി സ്കൂളിൽ അറബിക് തസ്തിക അനുവദിക്കാൻ V-ാം ക്ലാസ്സിലെ അറബിക് വിദ്യാർത്തികളുടെ എണ്ണം കൂടി കണക്കിലെടുക്കാമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

g) അനുവദിക്കപ്പെട്ട താത്കാലിക തസ്തികയിൽ സേവനമനുഷ്ഠിച്ച വരുന്ന സംരക്ഷിതാദ്ധ്യാപകൻ തസ്തിക കുറവ് ചെയ്യപ്പെട്ടാൽ പുറത്ത് പോകേണ്ടിവരും.

"Even assuming there is some ambiguity, an interpretation which is favourable to the teacher should be adopted" എന്ന (2009 (04) K.L.T.i.T.B) പ്രകാരമുള്ള കോടതി പരാമർശം ഈ സന്ദർഭത്തിൽ ശ്രദ്ധേയമാണ്.

h) The Kerala Right of Children to Free and Compulsory Education Rules 2011-ചട്ടം 2(t) (സൂചന 07) അനുശാസിക്കുന്നത് ഇപ്രകാരമാണ്.

" Walking distance" means the maximum distance of one kelometre in respect of a child studying standard I to V. ചട്ടം 6(എ) അനുശാസിക്കുന്നത് ഇപ്രകാരമാണ്.

"in respect of children in classes from I to V in a school shall be established within a walking distance of one kilometre of the neighbourhood."

1 മുതൽ V വരെയുള്ള കുട്ടികൾക്ക് നടന്നെത്താവുന്ന ദൂരത്തിൽ ഒരു കിലോമീറ്ററിനുള്ളിൽ സ്കൂൾതന്നെ ആരംഭിക്കണമെന്ന് പറയുമ്പോൾ I to V ക്ലാസുകൾ (എൽ.പി. വിഭാഗം) ഒറ്റ

*ബ്ലോക്കായിത്തന്നെയാണ് കണക്കാക്കുന്നത്*

*"The right of children to free and compulsory education act 2009, The right of children to free and compulsory education rules 2011 എന്നിവ പ്രകാരം, സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കാനുള്ള കുട്ടികളുടെ അവകാശം നിഷേധിക്കാൻ പാടില്ലാത്തതാണ്*

*1 മുതൽ 5 വരെയുള്ള എൽ.പി. സ്കൂളിൽ 5-ാം ക്ലാസിലെ അറബിക് വിദ്യാർത്ഥികളുടെ എണ്ണവും കൂടി കണക്കിലെടുത്ത് അറബിക്ക് തസ്തിക അനുവദിക്കുന്നത് നിയമാനുസൃതമാണ്.*

*5-ാം ക്ലാസിലെ വിദ്യാർത്ഥികളെ കണക്കിലെടുത്താലും ഇല്ലെങ്കിലും അറബിക് പഠനത്തിന് 28 പീരിയഡിൽ കൂടുതൽ ഉള്ളതിനാൽ (I to IV=32, I to V=40) കെ.ഇ.ആർ അധ്യായം XXIII ചട്ടം 2 A (2) പ്രകാരം കുളമുക്ക് എ.എം.എൽ.പി.സ്കൂളിൽ ഒരു സ്ഥിരം എൽ.ജി അറബിക്ക്തസ്തികയും ഒരു താത്കാലിക എൽ.ജി. അറബിക്ക് തസ്തികയും (ആകെ 02) അനുവദിക്കാം.*

*i). ആയതിനാൽ മേൽ വിഷയങ്ങൾ സൂക്ഷ്മാവലോകനം ചെയ്യണമെന്നും ഉന്നയിക്കപ്പെട്ട തടസ്സവാദം റദ്ദ് ചെയ്ത്, കുറവ് ചെയ്ത ഒരു താത്കാലിക എൽ.ജി അറബിക്ക് തസ്തിക പുന:സ്ഥാപിച്ചുത്തരവാകുന്നതിന് വേണ്ട നടപടികൾ വേണമെന്നതാണ് നിവേദനത്തിലെ ആവശ്യം.*

2). സർക്കാർ ഈ വിഷയം നിലവിലുള്ള ഉത്തരവുകളുടെയും ചട്ടങ്ങളുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു.

a) പരാമർശം 1 പ്രകാരം 2019-20 അധ്യയന വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിൽ പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 1 മുതൽ 5 വരെയുള്ള കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് 2 എൽ.ജി അറബിക് തസ്തികകൾ അനുവദിച്ചിരുന്നുവെന്നും എന്നാൽ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ തസ്തിക നിർണ്ണയ ഫയലുകളുടെ 100% പരിശോധനയിൽ അഞ്ചാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം കൂടി പരിഗണിച്ച് ഒരു അധിക എൽ.ജി അറബിക് തസ്തിക അനുവദിച്ചത് തെറ്റാണെന്ന് കണ്ടെത്തുകയും, അപ്രകാരം തെറ്റായി അനുവദിച്ച അറബിക് തസ്തിക കുറവ് ചെയ്ത് തസ്തിക നിർണ്ണയ ഉത്തരവ് ഭേദഗതി വരുത്തിക്കൊണ്ട് പരാമർശം 2 പ്രകാരം പട്ടാമ്പി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് നൽകിയിരുന്നുവെന്നും പ്രസ്തുത ഉത്തരവിനെതിരെ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ചിരുന്ന അപ്പീൽ നിശ്ചിത സമയ പരിധിക്കുള്ളിൽ സമർപ്പിക്കാത്തതിനാൽ നിരസിച്ചിരുന്നുവെന്നും പരാമർശം 3 ലെ നടപടി ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്.

b) കുളമുക്ക് എ.എം.എൽ.പി സ്കൂളിലെ 1 മുതൽ 5 വരെയുള്ള കുട്ടികളുടെ എണ്ണം പരിഗണിച്ചാണ് 2019-20 അദ്ധ്യയന വർഷം 2 എൽ.ജി അറബിക് തസ്തികകൾ അനുവദിച്ചത്. എന്നാൽ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ തസ്തിക നിർണ്ണയഫയലുകളുടെ പരിശോധനയിൽ അഞ്ചാം ക്ലാസ്സിലെ കുട്ടികളുടെ എണ്ണം കൂടി പരിഗണിച്ച് ഒരു അധിക എൽ .ജി അറബിക് തസ്തിക അനുവദിച്ചത് തെറ്റാണെന്ന് കണ്ടെത്തുകയും, അപ്രകാരം അനുവദിച്ച അറബിക് തസ്തിക കുറവ് ചെയ്തു കൊണ്ട് 2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പരിഷ്കരിച്ച് കൊണ്ട് പട്ടാമ്പി ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ ഉത്തരവ് നൽകിയിരുന്നുവെന്നും പരാമർശം 3 ലെ നടപടി ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്.

c) പ്രസ്തുത സ്കൂളിൽ 2019-20 അദ്ധ്യയന വർഷം അറബിക്കിന് I മുതൽ IV വരെ ക്ലാസ്സുകളിലായി ആകെ 6 ഡിവിഷനുകളാണ് ലഭിക്കുന്നത്. അപ്രകാരം 24 പിരീഡുകൾ കണക്കിലെടുത്താൽ ഒരു ഫുൾടൈം എൽ.ജി അറബിക് തസ്തികയ്ക്കേ അർഹതയുള്ളൂ. ആയത്

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അനുവദിച്ച നൽകിയിട്ടുണ്ട് . ഈ സാഹചര്യത്തിലാണ് സ്കൂൾ മാനേജർ സമർപ്പിച്ചിരുന്ന അപ്പീൽ നിരസിച്ച കൊണ്ട് പരാമർശം 3 നടപടി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

d) ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള യഥാർത്ഥ കുട്ടികളുടെ എണ്ണം നിശ്ചിത സമയത്തിനുള്ളിൽ സമ്പൂർണ്ണയിൽ അപ്ലോഡ് ചെയ്യുന്നതിന് ഹെഡ് മിസ്ട്രസ്സിന് കഴിഞ്ഞില്ല എന്നാണ് ഇപ്പോൾ മാനേജർ അപ്പീലിൽ പറയുന്നത്. 2019- 20 ൽ നിശ്ചിത സമയത്തിനുള്ളിൽ അപ്ലോഡ് ചെയ്യാൻ കഴിയാതിരുന്നെങ്കിൽ അക്കാര്യം ചൂണ്ടിക്കാട്ടി മാനേജരോ പ്രധാനാദ്ധ്യാപികയോ പട്ടാമ്പി ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ അപേക്ഷയൊന്നും സമർപ്പിച്ചിരുന്നില്ല. പിന്നീട് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നിർദ്ദേശപ്രകാരം അധിക അറബിക് തസ്തിക കുറവ് ചെയ്തതിനു ശേഷം മാത്രമാണ് 1 മുതൽ 4 വരെ ക്ലാസുകളിൽ കൂടുതൽ കുട്ടികൾ 2019-20 അദ്ധ്യയന വർഷം അറബിക് പഠിച്ചിരുന്നു എന്നാണ് സ്കൂൾ മാനേജർ ഇപ്പോൾ അറിയിച്ചിരിക്കുന്നത് .

e) 2020-21, 2021-22 അദ്ധ്യയന വർഷങ്ങളിൽ 2019-20 ലെ തസ്തിക നിർണ്ണയം തന്നെ തുടരുന്നതിനാൽ ആ വർഷങ്ങളിൽ 2 അറബിക് തസ്തികകൾക്ക് ആവശ്യമായ വിദ്യാർത്ഥികൾ ഉണ്ട് എന്ന വാദവും നിലനിൽക്കുന്നതല്ല. 2019-20 തസ്തിക നിർണ്ണയ ഉത്തരവിൽ ഉൾപ്പെടുത്തിയ കുട്ടികളേക്കാൾ കൂടുതൽ കുട്ടികളെ ഉൾപ്പെടുത്തി അധിക അറബിക് തസ്തിക അനുവദിക്കാവുന്നതല്ല.

3) മേൽ വിവരിച്ച കാരണങ്ങളാൽ മാനേജറുടെ റിവിഷൻ ഹർജിയിലെ ആവശ്യം അടിസ്ഥാനരഹിതമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ച കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

പകർപ്പ്:-പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം -695 001

വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പട്ടാമ്പി

ശ്രീനിവാസൻ.കെ, മാനേജർ, എ.എം.എൽ.പി.സ്കൂൾ, കുളമുക്ക്, പരുതൂർ.പി.ഒ, ,പട്ടാമ്പി ഉപ ജില്ല, പാലക്കാട് ജില്ല- 679 305

ഹെഡ് മാസ്റ്റർ, എ.എം.എൽ.പി.സ്കൂൾ, കുളമുക്ക്, പരുതൂർ.പി.ഒ,

പട്ടാമ്പി ഉപ ജില്ല, പാലക്കാട് ജില്ല- 679 305

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Mini.t.r.**
**Date: 14-07-2022 14:41:50**

സെക്ഷൻ ഓഫീസർ